# പതിനാലാം കേരള നിയമസഭ
## (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:714 04/11/2016-ൽ മറുപടിയ്ക്ക്**

**ആധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്ന പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.എം. വിൻസെന്റ് | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| എ) ദേശീയ മത്സ്യവികസന ബോർഡിന്റെയും സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെയും സംയുക്ത സംരംഭമായി ആധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | എ) ദേശീയ മത്സ്യ വികസന ബോർഡിന്റെ ധനസഹായത്തോടെ സംസ്ഥാനത്തുടനീളം ആധുനിക ശുചിത്വ മത്സ്യമാർക്കറ്റുകൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി സ്ഥാപിച്ചുവരുന്നു. ഇതിന്റെ ഭാഗമായി 41 മാർക്കറ്റുകളുടെ നിർമ്മാണത്തിനായി ദേശീയ മത്സ്യ വികസന ബോർഡിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ 39 മത്സ്യമാർക്കറ്റുകൾക്ക് സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത 41 മത്സ്യമാർക്കറ്റുകൾക്കായി ആകെ 7709.5004 ലക്ഷം രൂപ ഭരണാനുമതി ലഭിച്ചതിൽ 6433.007 ലക്ഷം രൂപ ദേശീയ മത്സ്യ വികസന ബോർഡ് വിഹിതവും 1276.497 ലക്ഷം രൂപ സംസ്ഥാന സർക്കാർ വിഹിതവുമാണ്. ഈ മാർക്കറ്റുകളുടെ നിർമ്മാണത്തിനായി ദേശീയ മത്സ്യ വികസന ബോർഡിൽ നിന്നും നാളിതുവരെ 5510.68 ലക്ഷം രൂപയും സംസ്ഥാന സർക്കാരിൽ നിന്നും 1086.47 ലക്ഷം രൂപയും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന് നൽകിയിട്ടുണ്ട്. |
| ബി) ഇതുവരെ എത്ര ആധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിച്ചു എന്ന് വെളിപ്പെടുത്തുമോ ; | ബി) മേൽ പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാന സർക്കാരിന്റെ ഭരണാനുമതി നൽകിയ 39 മത്സ്യമാർക്കറ്റുകളിൽ 34 എണ്ണം നിർമ്മാണം പൂർത്തീകരിച്ചു. 3 എണ്ണത്തിന്റെ നിർമ്മാണം അവസാനഘട്ടത്തിലാണ്. 2 മാർക്കറ്റുകളുടെ നിർമ്മാണം ആവശ്യമായ സ്ഥലം ലഭ്യമാകാത്തതിനാൽ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. |
| സി) തിരുവനന്തപുരം പാളയം മത്സ്യമാർക്കറ്റ് ആധുനിക മത്സ്യമാർക്കറ്റാക്കുവാൻ നടപടി സ്വീകരിക്കുമോ? | സി) തിരുവനന്തപുരം കോർപ്പറേഷനുമായി ചേർന്ന് പാളയത്ത് ഒരു ആധുനിക മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി സ്വീകരിച്ചുവരുന്നു. |

Hadeena

**സെക്ഷൻ ആഫീസർ**